**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1491** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരായി സേവനമനുഷ്ഠിക്കുന്നവരുടെ എണ്ണം, അവരുടെ സേവന വേതനവ്യവസ്ഥകൾ എന്നിവ വിശദമാക്കാമോ; | (എ) | പൊതുവിദ്യാലയങ്ങളിൽ 23.06.2023 മുതൽ 1478 എലമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും 1254 സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരും സേവനമനുഷ്ഠിക്കുന്നു. എലമെന്ററി വിഭാഗത്തിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപയും സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപയും നൽകുന്നുണ്ട്. കൂടാതെ റ്റി.എ., എല്ലാ വർഷവും സർക്കാർ അനുവദിക്കുന്ന ഓണം ഫെസ്റ്റിവൽ അലവൻസ് എന്നിവയും നൽകുന്നുണ്ട്. കൂടാതെ എല്ലാ സ്പെഷ്യൽ എജ്യൂക്കേറ്റർമാർക്കും മാനദണ്ഡപ്രകാരമുള്ള ഇ.പി.എഫ്. വിഹിതവും ശമ്പളത്തിനു പുറമെ നൽകുന്നുണ്ട്. |
| (ബി) | അവർക്ക് മുമ്പ് ലഭിച്ചിരുന്ന പ്രതിമാസ വേതനനിരക്ക് കുറയ്ക്കുവാനുണ്ടായ കാരണം അറിയിക്കാമോ; വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 2018-19 വരെ എലമെന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 22,000/- രൂപ ക്രമത്തിലും സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 27,500/- രൂപ ക്രമത്തിലും ഒരു വർഷത്തിൽ 10 മാസത്തേക്കാണ് വേതനം നൽകിയിരുന്നത്. 2019-20 മുതൽ എലിമെന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപ നിരക്കിലും, സെക്കന്ററി സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം 25,000/- രൂപ നിരക്കിലും 12 മാസങ്ങളിലായി നൽകി വരുന്നുണ്ട്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വാർഷിക വേതനം വർദ്ധിച്ചുവെങ്കിലും 10 മാസമായി നൽകിയിരുന്ന തുക 12 മാസമായി നൽകുന്നതുകൊണ്ടാണ് പ്രതിമാസ വേതനത്തിൽ നേരിയ കുറവുണ്ടായത്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രോജക്ട് അപ്രൂവൽ ബോർഡ് അംഗീകരിച്ച തുകയാണ് സമഗ്ര ശിക്ഷാ കേരളം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ശമ്പളം നൽകുന്നതിനായി ഉപയോഗിക്കുന്നത്. വേതനം വർദ്ധിപ്പിച്ചു നൽകേണ്ട കാര്യത്തിൽ |

| | | | |
|---|---|---|---|
| | | | തീരുമാനമെടുക്കേണ്ടത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണ്. |
| (സി) | പ്രസ്തുത തസ്തികകളിലേക്ക് സ്ഥിരനിയമനം നല്കുന്നതുമായി ബന്ധപ്പെട്ട് കോടതി വിധി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; പ്രസ്തുത നിയമനത്തിന് വേണ്ടി സ്പെഷ്യൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതാണോയെന്നും യോഗ്യതാ മാനദണ്ഡങ്ങൾ എന്താണെന്നും അറിയിക്കാമോ; | (സി) | ബഹു. സുപ്രീം കോടതിയുടെ 28.10.2021 ലെ WP Civil 1321/2016 നമ്പർ കേസിന്റെ വിധിന്യായത്തിൽ സ്പെഷ്യൽ എജ്യൂക്കേറ്റർമാരെ പൊതുവിദ്യാലയങ്ങളിൽ സ്ഥിരമായി നിയമിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ട് ആയതിനാൽ സ്ഥിരനിയമനം അപ്രായോഗികമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നിലവിൽ കരാർ അടിസ്ഥാനത്തിൽ വർഷങ്ങളായി ജോലിചെയ്യുന്നവർക്ക് പ്രസ്തുത ജോലി സ്ഥിരപ്പെടുത്തുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സമഗ്ര ശിക്ഷാ കേരളം ഒരു പ്രോജക്ട് ആയതിനാൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്ന് നിർദേശങ്ങൾ ലഭിയ്ക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ